കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2591 /2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 16.02.2109

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/ 2591/18

തീയതി:16.02.2019

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.08.2017മുതൽ 21.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ സാജൻലാൽ എസ്.ജെ., ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 21.11.2018മുതൽ 30.11.2018വരെ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ജയകുമാരി കെ.ആർ.(ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ))<br>ശ്രീ.പ്രേംനാഥ് ജി.കെ.(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി. ബിന്ദുലത. ബി.പി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. അരുൺ സി.എസ്(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. രാജു എസ്., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. രവി കെ.<br>01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. സുഗതൻ സി.<br>01.04.2017 മുതൽ 31.05.2017 വരെ<br>ശ്രീ. അനൂപ് മോഹൻ.ജെ.എസ്.(അധിക ചുമതല)<br>01.06.2017 മുതൽ 05.06.2017 വരെ<br>ശ്രീമതി. ലത എൽ.<br>06.06.2017 മുതൽ 18.10.2017 വരെ<br>ശ്രീ. അനൂപ് മോഹൻ.,ജെ.എസ്.(അധിക ചുമതല)<br>19.10.2017 മുതൽ 02.11.2017 വരെ<br>ശ്രീമതി. ലത. എൽ,<br>03.11.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ഷീജാമോൾ.എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ലതകുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഗ്ലാഡി ഹാൽവിൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ആശ രാജൻ എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സിമി സാരംഗ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. തിയോഡോർ ജോൺ | 01.04.2017 മുതൽ 28.03.2018 വരെ |
| | ഡോ. ഈശ്വരപിള്ള | 29.03.2018 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ശിവപ്രിയ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (എ സർക്കിൾ) | ശ്രീ.അഭിലാഷ് | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.മനോജ് | 01.06.2017 മുതൽ 20.12.2017 വരെ |
| | ശ്രീ.രാജേഷ് | 22.12.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (ബി സർക്കിൾ) | ശ്രീമതി.സംഗീത | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബിജു. സി.<br>ശ്രീമതി.രമ്യ ആർ.എസ്. | 01.04.2017 മുതൽ 25.02.2018 വരെ<br>26.02.2018 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശശികല<br>ശ്രീമതി.ശിവാംബിക | 01.04.2017 മുതൽ 04.12.2017 വരെ<br>05.12.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | രൂപീകരണത്തിലെ അപാകതകൾ- നടപടിക്രമം പാലിച്ചില്ല. | 2-1 | |
| 14 | മരാമത്ത് പ്രവൃത്തികളിൽ കരാർ ചമക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല | 2-2 | |
| 15 | ടെണ്ടർ ഫോറവില ജില്ലാപഞ്ചായത്തിൽ നിന്ന് തിരികെ ഈടാക്കിയിട്ടില്ല. | 2-3 | |
| 16 | ടെണ്ടർ രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല | 2-4 | |
| | ഭാഗം-3 | | |
| 17 | ആദായ നികുതി ഈടാക്കിയില്ല | 3-1 | |
| 18 | സർവീസ് ബുക്ക് പരിശോധന | 3-2 | |
| 19 | സ്റ്റോക്ക് ആന്റ് സ്റ്റോർസ് പരിപാലനത്തിലെ അപാകതകൾ- | 3-3 | |
| 20 | മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങൽ-അധികം നൽകിയ 165220/- രൂപ തടസ്സപ്പെടുത്തുന്നു. | 3-4 | |
| 21 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ. | 3-5 | |
| 22 | മരാമത്ത് പ്രവൃത്തി ഇനങ്ങളുടെ ആവശ്യകത വ്യക്തമല്ല. | 3-6 | |
| 23 | നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-7 | |
| 24 | നിക്ഷേപപ്രവൃത്തികൾ- നടപടിക്രമം പാലിച്ചില്ല | 3-8 | |
| 25 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് മെറ്റീരിയൽസ് വാങ്ങൽ- അപാകതകൾ | 3-9 | |
| 26 | പഞ്ചായത്തിന് സ്ഥലം വാങ്ങൽ-ചെലവ് രേഖകൾ | 3-10 | |

| | | | |
|---|---|---|---|
| | ഹാജരാക്കിയില്ല | | |
| 27 | അൺ എയ്ഡഡ് വിദ്യാർത്ഥിയ്ക്ക് സൈക്കിൾ നൽകി- 3719 രൂപ തടസ്സം | 3-11 | |
| 28 | നവജീവൻ പാലിയേറ്റിവ് കെയർ പ്രവർത്തനം തൃപ്തികരമല്ല. | 3-12 | |
| | ഭാഗം - 4 | | |
| 29 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 36 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.3.2017 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 22,47,81,855/- രൂപ വരവും 22,36,91,750/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 6,18,51,683/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 5,66,00,185/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 19.07.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 09.07.2018, 10.07.2018 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1591/2018 തീയതി 01.08.2018 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 46,61,761.00

വരവ് : 5,71,89,922.00

ആകെ : 6,18,51,683.00

ചെലവ് : 5,66,00,185.00

നീക്കിയിരിപ്പ്: 52,51,498.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12029658 | 12029658 | 12029658 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2853921 | 2853921 | 2853921 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11914221 | 11914221 | 11914221 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2107578 | 2107578 | 2107578 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4896523 | 4896523 | 4896523 | 0 |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 1654091 | 1654091 | 1654091 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 2642 | 1943017 | 1945659 | 1940137 | 5522 |
| ബി ഫണ്ട് | 0 | 262080 | 262080 | 262080 | 0 |
| പോസ്റ്റ് ഓഫീസ് എസ്.ബി. | 110 | 0 | 110 | 0 | 110 |

| | | | | | |
|---|---|---|---|---|---|
| ലിറ്ററസി | 49473 | 0 | 49473 | 22500 | 26973 |
| ഡി.സി.ബി. തനത് ഫണ്ട് | 23402 | 0 | 23402 | 0 | 23402 |
| എസ്.ബി.ഐ. ഇ പേയ്മെന്റ് | 0 | 10977 | 10977 | 0 | 10977 |
| റ്റി.എസ്.ബി. | 356593 | 9007773 | 9364366 | 7407457 | 1956909 |
| തനത് ഫണ്ട് (എസ്.ബി.ഐ.) | 4163134 | 10429214 | 14592348 | 11445612 | 3146736 |
| ക്യാഷ് | 66407 | 80869 | 147276 | 66407 | 80869 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 3 | 1241400 | 3 | 790800 | - | 0 | 100 |
| 2 | ഐ.സി.ഡി.എസ്. | 8 | 4929202 | 8 | 4452582 | - | - | 100 |
| 3 | എ.ഇ. | 99 | 27624582 | 41 | 16410722 | - | 58 | 41.4 |
| 4 | വി.ഇ.ഒ. | 7 | 2584372 | 7 | 2015200 | - | - | 100 |
| 5 | വെറ്ററിനറി സർജൻ | 10 | 4057200 | 8 | 1418450 | - | 2 | 80 |
| 6 | സെക്രട്ടറി | 28 | 10687038 | 15 | 7544074 | - | 13 | 54 |
| 7 | എം.ഒ. പി.എച്ച്.സി. | 4 | 1515800 | 4 | 1505211 | - | 0 | 100 |
| 8 | എം.ഒ. ഹോമിയോ | 2 | 125000 | 2 | 124500 | - | 0 | 100 |
| 9 | എം.ഒ. ആയുർവേദം | 4 | 1176578 | 4 | 1176578 | - | - | 100 |
| 10 | എച്ച്.എം. | 3 | 796422 | 3 | 751693 | - | - | 100 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1620000 | 1 | 1270000 | - | 1 | 50 |
| 12 | വി.ഇ.ഒ. | 5 | 2600000 | 5 | 2250000 | - | - | 100 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2642 | 1943017 | 1945659 | 1940137 | 5522 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17703855 | 17703855 | 17703855 | 0 |
| ആകെ | 2642 | 19646872 | 19649514 | 19643992 | 5522 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2,02,080 | 345 |
| കർഷക തൊഴിലാളി പെൻഷൻ | 24,48,000 | 793 |
| വിധവാപെൻഷൻ | 17,56,500 | 545 |
| വാർദ്ധക്യകാല പെൻഷൻ | 33,27,600 | 1011 |
| വികലാംഗ പെൻഷൻ | 10,28,400 | 323 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60,000 | 2 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 1,10,700 | 34 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2018 രാവിലെ 11.00 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,604/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി,പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | എല്ലാ മാസങ്ങളിലും ഓഫീസ് മീറ്റിംഗ് കൂടുന്നില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | ഉണ്ട് |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം നിലവിലുണ്ട്. |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആകെ വരവ് ലഭ്യമല്ല |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസമോ, തൊട്ടടുത്ത ദിവസമോ സെക്ഷനുകൾക്ക് നൽകാറുണ്ട്. പി.ആർ. പരിപാലിക്കുന്നില്ല |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

ii) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം (01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ) പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം 2/2017-18 22.11.18) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

III) രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനായുള്ള ഇൻകുമ്പൻസി രജിസ്റ്റർ സ്ഥാപനത്തിൽ ഉണ്ടെങ്കിലും, എല്ലാ

വിവരങ്ങളും രേഖപ്പെടുത്തി ശരിയായ വിധത്തിൽ പരിപാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

- വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നതിന്ശ്രദ്ധിക്കേണ്ടതാണ്.ഖ.2-1കാണുക
- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല
- ജീവനക്കാരുടെ സേവനപുസ്തകങ്ങൾ നിശ്ചിത കാലയളവിൽ പരിശോധന നടത്തുന്നില്ല
- വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥതലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.
- ആസൂത്രണസമിതി വർക്കിങ്ഗ്രൂപ്പിന്റെ രൂപീകരണ,വികസനസെമിനാർ,വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2018 | 1.12.2016 മുതൽ 31.01.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2013 മുതൽ 15.05.2013 വരെ | 2008-09 മുതൽ 2012-13 വരെ | ലഭിച്ചിട്ടില്ല |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

- 320200207എന്ന ഹെഡിൽ 3,87,627/-രൂപ വർഷങ്ങളായി അവശേഷിക്കുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ആയുർവ്വേദം കൈമാറിയ ഡിപ്പാർട്മെന്റ് ഫണ്ടാണെന്ന മറുപടിയാണ് പഞ്ചായത്ത് നൽകിയത്. ചെലവഴിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഹെഡിലേക്കു തിരിച്ചടച്ചു ബാധ്യത ഒഴിവാക്കേണ്ടതാണ്

- ഗുണഭോക്തൃ വിഹിതമിനത്തിൽ 631/-രൂപ അവശേഷിക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്

- ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

- 350300199എന്ന ഹെഡിൽ 24946രൂപ (ഇ.എം.എ ലോൺ റീഫണ്ട്, പലിശ, ഫോറസ്റ്റ് ഡെവലപ്മെന്റ് നികുതി) ബാക്കി നിൽക്കുന്നു. ആയത് ചെലവഴിച്ച്/തിരിച്ചടച്ച് ബാദ്ധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

- ആസ്തികളുടെ ഡിപ്രീസിയേഷൻ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കിയിട്ടില്ല. ഉയർന്ന നിരക്കിൽ ഡിപ്രീസിയേഷൻ കണക്കാക്കുകയും ആയത് income &expendtiure പത്രികയിൽ പ്രതിഫലിക്കുകയും ചെയ്തു

- അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതു സംബന്ധിച്ച ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല

- ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്- പ്ലാൻ ചെലവ് തുക- 2,84,876 /-, സ്റ്റേറ്റ് സ്പോൺസേർഡ് എന്ന ഹെഡിൽ വീണ്ടും ഉൾപ്പെടുത്തി. അങ്ങനെ ഒരേ ചെലവ് 2 തവണ അക്കൗണ്ട് ചെയ്തു

- തൻവർഷ ക്യാപിറ്റൽ കോണ്ട്രിബൂഷനും തൻവർഷം ആസ്തിയാക്കിയ തുകയും (ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഉൾപ്പെടെ) തമ്മിൽ പൊരുത്തപ്പെടുന്നില്ല

- Prior period income - property tax on non residencial buildings ഇനത്തിൽ 9,95,011/-രൂപ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതു ഡിമാൻഡ് കുറയ്ക്കുന്നതിനായി രേഖപ്പെടുത്തിയതാണെന്ന മറുപടിയാണ് ലഭിച്ചത്. ഇങ്ങനെ ഡിമാൻഡ് കുറച്ചാൽ തൻ വർഷം ഈ ഇനത്തിനെ ഡിമാൻഡ് 20,633/-രൂപയാകും. എന്നാൽ ഈ വർഷത്തെ ഈ ഇനത്തിലെ വരവ് 4,36,910/-രൂപയാണ്. ഇത് തമ്മിൽ പൊരുത്തപ്പെടുന്നില്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബഡ്ജറ്റ്

കേരളപഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214 അനുസരിച്ചാണ് ബഡ്ജറ്റ് തയ്യാറാക്കേണ്ടത്. ബജറ്റ് രൂപീകരണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(എ)വരുമാനം ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി

കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ച വരവിന്റെ അടിസ്ഥാനത്തിലാണ് ബജറ്റിൽ വരുമാനം വകയിരുത്തുന്നത്. എന്നാൽ ഇവിടെ മുൻവർഷങ്ങളിൽ സാധാരണയായി ലഭിച്ച വരുമാനം കണക്കാക്കാതെ ലഭിക്കാൻ സാധ്യതയുള്ള വരുമാനത്തിന്റെ പലമടങ്ങ് തുക വരുമാനമായി കാണിച്ച് ബജറ്റ് തയ്യാറാക്കി. നാളിതുവരെയായി വരുമാനം ലഭിക്കാത്ത നികുതി ഇനങ്ങളിൽ പോലും വരുമാനം ഉണ്ടെന്ന് കാണിച്ച് ബഡ്ജറ്റ് തയ്യാറാക്കി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2015-16 ലെ വരവ് (ലക്ഷത്തിൽ) | 2016-17 ലെ ബഡ്ജറ്റ് തുക (ലക്ഷത്തിൽ) | 2016-17 ലെ വരവ് (ലക്ഷത്തിൽ) | 2017-18 ലെ ബഡ്ജറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| Property tax | 13,57,000 | 40,00,000 | 22,82,000 | 40,00,000 |
| Service tax | - | 10,000 | - | 4,00,000 |
| Profession tax | 14,25,000 | 30,00,000 | 1,68,000 | 30,00,000 |
| Advertisement tax | - | 50,000 | - | 1,50,000 |
| Land Concession | - | 10,000 | - | 10,000 |
| Interest Earned | 2,50,000 | 3,00,000 | 13,300 | 4,00,000 |

(ബി) വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു

താഴെപ്പറയുന്ന ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടം 72 പ്രകാരം അടുത്ത വർഷത്തെ ബജറ്റ് നിർദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റ് ആയി കണക്കാക്കാൻ പാടില്ല. എന്നാൽ കാഞ്ഞിരംകുളം പഞ്ചായത്തിൽ ഇപ്രകാരമാണ് പുതുക്കിയ ബജറ്റ് തയാറാക്കിയത്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214(8) ൽ ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്തുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ആയത് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | അധികമായി ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| hire charges | 25,000 | 1,65,000 | 1,40,000 |
| handicraft | - | 1,81,000 | 1,81,000 |
| ക്ഷീര വികസനം | 5,00,000 | 12,70,000 | 7,70,000 |
| Literacy Equal Exam | 3,00,000 | 6,06,000 | 3,06,000 |

| | | | |
|---|---|---|---|
| മറ്റ് ആരോഗ്യ പരിപാടികൾ | - | 50,000 | 50,000 |

മേൽപ്പറഞ്ഞ അപാകതകൾ വരുംവർഷങ്ങളിലെ ബഡ്ജറ്റിൽ ഒഴിവാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-2 കരാർ ചമക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല

സ.ഉ.(പി) 13/2012/പി.ഡബ്ല്യൂ.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ ഭരണസമിതി അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. തുടർന്ന് 10 ദിവസം വരെ പി.എ.സി.യുടെ 1% പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ കരാർ ചമക്കാൻ കാലതാമസം ഉണ്ടായ പ്രവൃത്തികളിൽ നിന്നും ഗ്രാമപഞ്ചായത്ത് പിഴ ഈടാക്കിയിട്ടില്ല. ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ കരാർ ചമക്കുന്നതിന് സമയപരിധി പാലിച്ചിട്ടില്ലായെങ്കിലും, പിഴ ഈടാക്കാതെ കരാർ സ്ഥാപിക്കാൻ അനുവദിച്ചിരിക്കുന്നു.

| പ്രോ. നം | പ്രോജക്ടിന്റെ പേര് | പി.എ.സി. | കരാറുകാരൻ | ടെണ്ടർ സ്വീകരിച്ച തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 97/18 | ബഡ്സ് സ്കൂൾ മെയിന്റനൻസ് | 217180 | രതീഷ് കുമാർ. വി | 18.09.2017 | 11.10.2017 | 2172 |
| 125/18 | ആന മരം വലിച്ച അംഗൻവാടി (നം.39) മെയിന്റനൻസ് | 36199 | കെ. സതീശൻ | 18.09.2017 | 11.10.2017 | 362 |
| 184/18 | കാക്കലാംകാനം തൻപൊന്നൻകാല നടപ്പാത കോൺക്രീറ്റിംഗ് | 124955 | സജു.ബി.എസ്. | 18.09.2017 | 11.10.2017 | 1250 |
| 112/18 | 7-ാം വാർഡിൽ നെല്ലിക്കാക്കുഴി സി.എസ്.ഐ. ചർച്ച് റോഡ് ബേം കോൺക്രീറ്റിംഗ് | 498663 | ഷാജി.ജെ. | 18.09.2017 | 11.10.2017 | 4987 |
| 96/18 | പി.എച്ച്.സി. മെയിന്റനൻസ് | 90485 | വിജയൻനാടാർ | 18.09.2017 | 11.10.2017 | 905 |
| 118/18 | 8-ാം വാർഡിൽ കരുമരക്കാല റാഫാ ചർച്ച് റോഡ് സൈഡ് വാൾ നിർമ്മാണം | 363304 | ജെ. മണി | 18.09.2017 | 11.10.2017 | 3633 |
| 104/18 | 12-ാം വാർഡിൽ കാരനിന്ന താഴനിന്ന റോഡ് സൈഡ് വാൾ നിർമ്മാണം | 236356 | ബാബു.ആർ | 18.09.2017 | 11.10.2017 | 2364 |
| 105/18 | 10-ാം വാർഡിൽ കല്ലുവെട്ടാൻകുഴി പോട്ട പനനിന്ന റോഡ് റീ ടാറിംഗ്, സൈഡ് വാൾ നിർമ്മാണം | 466055 | രാജു | 18.09.2017 | 11.10.2017 | 4661 |
| 167/18 | 4-ാം വാർഡിൽ മാങ്കാല മേലെ വിളാകം ചാനൽപ്പാലം റോഡ് സൈഡ് വാൾ നിർമ്മാണം | 447459 | എൻ.ശശി | 18.09.2017 | 11.10.2017 | 4475 |
| 134/18 | 3-ാം വാർഡിൽ മാങ്കാല തെക്കുത്തേരി ചാനൽക്കര റോഡ് സൈഡ് വാൾ നിർമ്മാണം | 187400 | ബിനു.ബി | 18.09.2017 | 11.10.2017 | 1874 |
| 114/18 | 6-ാം വാർഡിൽ സ്മിതാ കോളേജ് റോഡ് (ബാക്കി ഭാഗം) റീടാറിംഗ് | 498699 | ശ്രീകുമാർ.എസ് | 18.09.2017 | 11.10.2017 | 4987 |

| | | | | | | |
|---|---|---|---|---|---|---|
| 116/18 | 11-ാം വാർഡിൽ നെടിയകാല ചാണി റോഡ് റീടാറിംഗ് | 498794 | സജു.ബി.എസ് | 18.09.2017 | 11.10.2017 | 4988 |
| 131/18 | 13-ാം വാർഡിൽ പുലിയടിച്ചാൻവിള ഹരിജൻ കോളനി റോഡ് റീടാറിംഗ് | 364087 | സജു.ബി.എസ്. | 18.09.2017 | 11.10.2017 | 3641 |
| 113/18 | 3-ാം വാർഡിൽ തടത്തിക്കുളം പ്ലാങ്കാല റോഡ് (ബാക്കിഭാഗം) റീടാറിംഗ് | 379489 | രഘു | 18.09.2017 | 11.10.2017 | 3795 |
| 111/18 | 3-ാം വാർഡിൽ മലിനംകുളം റോഡ് റീടാറിംഗ് | 295076 | രഘു. എസ് | 18.09.2017 | 11.10.2017 | 2951 |
| 178/18 | 6-ാം വാർഡിൽ കാമരാജ് റോഡ് റീടാറിംഗ് | 364023 | സജു. ബി.എസ് | 18.09.2017 | 11.10.2017 | 3640 |
| 133/18 | 4-ാം വാർഡിൽ മാങ്കാല തെക്കുത്തേരി ചാനൽറോഡ് സൈഡ് വാൾ നിർമ്മാണം | 415097 | മണി. ജെ | 18.09.2017 | 11.10.2017 | 4151 |
| 108/18 | 9-ാം വാർഡിൽ നെടിയവിരാലി ലൂർദ്ദിപുരം റോഡ് റീടാറിംഗ് | 423912 | ജി.സിറിൽ | 18.09.2017 | 11.10.2017 | 4239 |
| 107/18 | 9-ാം വാർഡിൽ നെടിയവിരാലി കിണറുവെട്ടിയ റോഡ് റീടാറിംഗ് | 439131 | മണി.ജെ | 18.09.2017 | 11.10.2017 | 4391 |
| ആകെ | | | | | | 63,466/- |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 9/24.11.2018) ന സെലക്ഷൻ നോട്ടീസുകൾ 25/09/2017 തീയതിയിലാണ് ഓഫീസിൽ നിന്നും ഡെസ്പാച്ച് ചെയ്തിട്ടുള്ളതെന്നും, കരാറുകാർ 05.10.2017 തീയതിക്കകം സെക്യൂരിറ്റി ഡെപ്പോസിറ്റും കരാറുകളും ലഭ്യമാക്കിയെങ്കിലും എ.ഇ. യുടെ കാര്യാലയത്തിൽ ഇവ രജിസ്റ്ററിൽ രേഖപ്പെടുത്താൻ കാലതാമസമുണ്ടായതായും മറുപടി നൽകി. പ്രസ്തുത മറുപടി തൃപ്തികരമല്ല. എല്ലാ കരാറുകളും 11.10.2017 തീയതിയിൽ ആണ് എഴുതപ്പെട്ടിരിക്കുന്നത്. മാന്വൽ പ്രകാരമുള്ള സമയക്രമത്തിനുള്ളിൽ നടപടികൾ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്. നഷ്ടത്തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ -ടെണ്ടറുകളുടെ ടെണ്ടർ ഫോറവില ടെണ്ടർ നടപടികളുടെ ഭാഗമായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി ഒടുക്കു വരുത്തിയിട്ടുണ്ട്. 2017- 18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് 5 പ്രവൃത്തികൾക്ക് ഇ ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയായി ഗ്രാമപഞ്ചായത്തിന 21,800/- രൂപ ലഭിക്കേണ്ടതുണ്ട്. (ഓഡിറ്റ് അന്വേഷണംനം.3തീയതി 22.11.2018നുള്ള മറുപടി). വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോ. നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ടെണ്ടർ ഫോറവില | എണ്ണം | ആകെ |
|---|---|---|---|---|---|
| 123/18 | വനിതാ ഫാഷൻ ഡിസൈൻ ഹാൾ മെയിന്റനൻസ് | 700000 | 1400 | 3 | 4200 |
| 127/18 | കൈവൻവിള കഴിവൂർ കുടിവെള്ള പദ്ധതി നിർമ്മാണം | 1167450 | 1900 | 2 | 3800 |
| 189/18 | MRF ഷെഡ് നിർമ്മാണം (ബാക്കി ഭാഗം) | 800000 | 1600 | 2 | 32000 |
| 117/18 | 5-ാം വാർഡിൽ കാട്ടുപ്ലാവുനിന്ന മേലേവിളാകം മലിനംകുളം റോഡ് ഓട നിർമ്മാണം | 863142 | 1800 | 3 | 5400 |
| 99/18 | 12-ാം വാർഡിൽ പോട്ടുപനനിന്ന അയണിനിന്ന റോഡ് റീടാറിംഗ്, സൈഡ് വാൾ നിർമ്മാണം | 626000 | 1300 | 4 | 5200 |
| ആകെ | | | | | 21800 |

ടെണ്ടർ ഫോറവില ഇനത്തിൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ള 21,800/- തനത് ഫണ്ടിൽ മുതൽക്കൂട്ടാൻ

നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ടെണ്ടർ രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല

സ.ഉ(പി)നം.13/2012/പി.ഡബ്ല്യൂ.ഡി തീയതി 01.02.2012 പാരാ 2009.1 പ്രകാരം സ്ഥാപനത്തിനു ലഭിക്കുന്ന ടെണ്ടറുകളെ സംബന്ധിച്ച വിവരം Appendix 2000B മാതൃകയിൽ (ടെണ്ടർ നം, ടെണ്ടർ തുറന്ന തീയതി, സമയം, ടെണ്ടററുടെ പേരും വിലാസവും, രജിസ്ട്രേഷൻ നം, ഇ.എം.ഡി. ഒടുക്കിയതു സംബന്ധിച്ച വിവരം, ക്വാട്ട് ചെയ്ത നിരക്ക്, ടെണ്ടററുടെ ഒപ്പ്, ടെണ്ടറുകളുടെ തീർപ്പ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി എ.ഇ. സാക്ഷ്യപ്പെടുത്തി) ടെണ്ടർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ വിധം ടെണ്ടർ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആദായ നികുതി ഈടാക്കിയില്ല

വൗച്ചർ നമ്പർ: 21700112/06.05.2017 പ്രകാരം ടാർ എത്തിച്ചു നൽകിയ വകയിൽ വിപിൻ ട്രാൻസ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന് 1,58,400/-രൂപ കടത്ത് കൂലി നൽകിയിട്ടുണ്ട്. ആദായ നികുതി നിയമം വകുപ്പ് 194 സി പ്രകാരം 2% നികുതി ഈടാക്കേണ്ടിയിരുന്നു. ആയത് ഈടാക്കിയിട്ടില്ല. ആയതിനാൽ 3168/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 സർവീസ് ബുക്ക് പരിശോധന

വൗച്ചർ പരിശോധനയോടനുബന്ധിച്ച് ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(a) ശ്രീമതി കല.ബി.എസ്, ഓഫീസ് അറ്റൻഡന്റിന് 16HPL മാത്രം അവശേഷിക്കുന്ന സമയത്ത് 8 കമ്മ്യൂട്ടഡ് അവധി, 3 ദിവസത്തെ LND എന്നിവ അനുവദിച്ചു നല്കി. അതിനു ശേഷം ടിയാൾക്കു വീണ്ടും 9 കമ്മ്യൂട്ടഡ് അവധി അനുവദിക്കുകയും ആയതു LND ആയി സർവീസ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തു. കേരളാ സർവീസ് ചട്ടങ്ങൾ പ്രകാരം LND എന്നത് HPLഅവധിയാണ്. എന്നാൽ ഇവിടെ അവധി ക്രെഡിറ്റിൽ ഇല്ലാതെ കമ്മ്യൂട്ടഡ് അവധി അനുവദിക്കുകയും ആയത് LND ആയി രേഖപ്പെടുത്തുകയും ചെയ്തു. ആയത് ചട്ട വിരുദ്ധമായതിനാൽ അവധി സംബന്ധിച്ച വിവരങ്ങൾ ക്രമീകരിക്കേണ്ടതാണ്

പ്രസ്തുത വ്യക്തി 01.03.2012 മുതൽ 09.03.2012 വരെ 9 ദിവസം കമ്മ്യൂട്ടഡ് അവധിയിൽ ആയിരുന്നുവെങ്കിലും ടി അവധി കാലയളവ് ആർജിതാവധിക്കു പരിഗണിച്ചു.

(b) സന്തോഷ് കുമാർ.ജി.ഒ, ക്ലർക്കിന് 06.02.2014 മുതൽ 15 വർഷത്തെ സമയബന്ധിത ഗ്രേഡ് അനുവദിച്ചുവെന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ശമ്പള നിർണ്ണയ പത്രികയോ ശമ്പളം നിർണ്ണയിച്ച വിവരങ്ങളോ ലഭ്യമല്ല. കൂടാതെ ടിയാന് 01.08.2016 മുതൽ വാർഷിക ഇൻക്രിമെന്റ് അനുവദിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭിച്ചില്ല. ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയ ശമ്പള നിർണ്ണയങ്ങൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 സ്റ്റോക്ക് ആന്റ് സ്റ്റോർസ് പരിപാലനത്തിലെ അപാകതകൾ-

GO(P) 3/2013 SPD dated 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ അധ്യായം 12.22 പ്രകാരം വാങ്ങുന്ന സാധനങ്ങൾ വെരിഫൈ ചെയ്ത് സ്റ്റോക്കിലെടുക്കേണ്ടതും, ബില്ലിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ചാപ്റ്റർ VI ആർട്ടിക്കിൾ 149, 150, 151 പ്രകാരം സ്ഥാപനം വാങ്ങിയിട്ടുള്ള സാധനങ്ങളുടെ സുരക്ഷിതമായ ഉപയോഗവും, പരിപാലനവും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്. ഇതിനായി സ്റ്റോക്കുകളുടെ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. കൂടാതെ, സ്റ്റോക്ക് ആന്റ് സ്റ്റോർസിന്റെ വെരിഫിക്കേഷൻ, വാല്യുവേഷൻ എന്നിവ തയ്യാറാക്കുകയോ, മൂല്യം വാർഷിക കണക്കുകകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8 തീയതി 24.11.2018) നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-4 (മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങൽ-അധികം നൽകിയ 1,65,220/- രൂപ

## തടസ്സപ്പെടുത്തുന്നു.

വിവിധ മരാമത്ത് പണികൾക്ക് ടാർ വാങ്ങി നൽകുന്നതിലേയ്ക്ക് ഗ്രാമപഞ്ചായത്ത് 30.03.2017 തീയതിയിൽ 28,91,530/- രൂപ (2445894 + 445636) ചെലവ് ചെയ്തിട്ടുണ്ട് (ചെക്ക് നം. 8066013, 14 തീയതി 28.03.2017). എന്നാൽ കമ്പനികളുടെ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ആകെ 27,26,310/- രൂപയുടെ ടാർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരം ചുവടെ.

| സ്ഥാപനം | ടാർ | ലഭ്യമായ അളവ് | ഇൻവോയ്സ് പ്രകാരമുള്ള തുക | 30.03.17 ൽ ട്രാൻസ്ഫർ ചെയ്തു നൽകിയ തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| ഭാരത് പെട്രോളിയം ലിമിറ്റഡ് | VG 30 | 408 barrel | 2057005 | 2445894 | 155913 |
| ഭാരത് പെട്രോളിയം ലിമിറ്റഡ് | RS1 | 36 barrel | 232976 | | |
| ഹിന്ദുസ്ഥാൻ കോളാസ് | SS1 | 37 barrel | 436329 | 445636 | 9307 |
| | ആകെ | | 2726310 | 2891530 | 165220 |

മേൽ വാങ്ങലിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടാർ വാങ്ങുന്നതിനായി സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടില്ല.

2) GO(P) 3/2013 SPD dated 21.06.2013 അധ്യായം 12.19 പ്രകാരം സാധനങ്ങൾ സ്വീകരിച്ച ശേഷമാണ് തുക അനുവദിക്കേണ്ടത്. അധ്യായം 12.20 പ്രകാരം പ്രത്യേകമായ സാഹചര്യങ്ങളിൽ വിലയുടെ 90% വരെ ഡെസ്പാച്ച് രേഖകൾ കൈപ്പറ്റി അനുവദിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചല്ല തുകകൾ കൈമാറിയിരിക്കുന്നത്.

3) കമ്പനികളുടെ പ്രൊഫോർമ ഇൻവോയ്സുകളിൽ നിരക്കുകളിൽ വ്യത്യാസം വരാമെന്ന രേഖപ്പെടുത്തിയിരുന്നു.

4) ട്രഷറിയിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേയ്ക്ക് ടാർ വാങ്ങുന്നതിനായി എ.ഇ. ട്രാൻസ്ഫർ ചെയ്തു തന്നത് 21,36,675/- രൂപയാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയും വ്യവസ്ഥകൾ പരിശോധിക്കാതെയുമാണ് ഓഫർ ലെറ്ററിലെ മുഴുവൻ തുകയും സാധനം ലഭിക്കുന്നതിനു മുൻപു തന്നെ സ്ഥാപനങ്ങൾക്ക് കൈമാറിയത്.

5) GO(P) 3/2013 SPD dated 21.06.2013 അധ്യായം 12.22 പ്രകാരം വാങ്ങുന്ന സാധനങ്ങൾ വെരിഫൈ ചെയ്ത് സ്റ്റോക്കിലെടുക്കേണ്ടതും, ബില്ലിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ടാർ സ്റ്റോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ ആയത് പരിശോധിക്കാനായിട്ടില്ല. ബില്ലുകളിൽ ടാർ സ്റ്റോക്കിലെടുത്തതായി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

മേൽ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/29.11.2018) 27.02.2017 ലെ 114/ഡിഎ1/2017 തസ്വഭവ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തികൾക്ക് തടസ്സമുണ്ടാകാതിരിക്കുവാനാണ് ടാർ വാങ്ങി നൽകിയതെന്നും, മുൻകൂർ തുക അടവാക്കണമെന്ന് കമ്പനികളുടെ ഓഫറുകളിൽ പ്രസ്താവിച്ചിരുന്നതിനാലാണ് എ.ഇ. ട്രാൻസ്ഫർ ചെയ്ത തുകയിലും അധികമായി, 28.03.2017 ലെ 1(എ) ഭരണസമിതി തീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ തനത് അക്കൗണ്ടിൽ നിന്നും 28,91,530/- രൂപ ട്രാൻസ്ഫർ ചെയ്തതെന്നും മറുപടി ലഭ്യമാക്കി. ടാർ സ്റ്റോക്ക് രജിസ്റ്റർ എ.ഇ. ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് അറിയിച്ചുവെങ്കിലും ആയത് പരിശോധനക്ക് ഹാജരാക്കിയില്ല. കൺവീനർമാരുടെ കൈപ്പറ്റ് രേഖകളും, എ.ഇ. യുടെ ടാബുലേഷൻ രേഖകളും മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ഇതനുസരിച്ച് 21.78kg RS1 നീക്കിയിരുപ്പ് ഉള്ളതായും, ഇത് കൺവീനറുടെ കൈവശം സൂക്ഷിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. കൺവീനറുടെ കൈവശമുള്ള ബിറ്റുമിൻ തിരികെ ലഭ്യമാക്കി റോഡ് പ്രവൃത്തികൾക്ക് ഉപയോഗപ്രദമാക്കേണ്ടതാണ്.

ടാർ കമ്പനികൾക്ക് അധികമായി അനുവദിച്ച തുക തിരികെ ലഭ്യമാക്കുവാനറിയിച്ച് ഗ്രാമപഞ്ചായത്ത് 14.07.2017 തീയതിയിൽ കമ്പനികൾക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. തുക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ അധികമായി തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്യാനിടയായ തുക തിരികെ ലഭിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. തനതു ഫണ്ടിനുണ്ടായ അധികചെലവ് 1,65,220/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക തിരികെ ഈടാക്കി രേഖകൾ ലഭ്യമാക്കാത്ത പക്ഷം ബന്ധപ്പെട്ടവരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 3-5 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ.

വിവിധ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളും, നിർവഹിച്ച പ്രവൃത്തികളും തമ്മിൽ പ്രകടമായ വ്യത്യാസം വന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോ. നം. 184/18, കാക്കലാംകാനം തൻപെന്നൻകാല നടപ്പാത കോൺക്രീറ്റിംഗ് പദ്ധതി പ്രകാരം 1,25,000/- രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) അടങ്കലിൽ 43.5m നീളത്തിൽ നടപ്പാത കോൺക്രീറ്റിംഗും, അളവുകൾ പരാമർശിക്കപ്പെടാത്ത സൈഡ് കോൺക്രീറ്റിംഗും ചെയ്യുവാനാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവക്ഷിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി നിർവഹിച്ചപ്പോൾ 43.5m നീളത്തിൽ നടപ്പാത കോൺക്രീറ്റിംഗിനു പകരം 37m മാത്രമാണ് നടപ്പാത കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിനെക്കാളും 15% കുറഞ്ഞ നീളത്തിലാണ് നടപ്പാത ചെയ്തിട്ടുള്ളത്.

2) പ്രോ. നം. 53/18, 2-ാം വാർഡിൽ മൂന്നു മുക്ക് റോഡ് ഓട നിർമ്മാണം പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം 16.5m നീളത്തിൽ ഓട നിർമ്മിച്ച് (എസ്കവേഷൻ) കോൺക്രീറ്റ് ചെയ്യുവാനും, ഓട സ്ലാബ് ഇട്ടു മൂടുവാനുമാണുദ്ദേശിച്ചിരുന്നത്. എന്നാൽ ഭരണ സമിതിയുടെ 24.06.2017 ലെ 32(c) തീരുമാനം പ്രകാരം ഓട മുൻപേ തന്നെ നിലവിലുള്ളതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുവാൻ നിർദ്ദേശിച്ചതായും കാണുന്നു. ഇതനുസരിച്ച് 2.05m നീളത്തിൽ ഓട കോൺക്രീറ്റിംഗും 9.4m നീളത്തിൽ ഓട ഉയരം കൂട്ടലും ചെയ്ത് സ്ലാബ് ഇടുകയും, 32.30m നീളം x 1mവീതിx.15m കനത്തിൽ മണ്ണ് നീക്കം ചെയ്ത് ഓട ഡ്രെയിൻ, സൈഡ് വാൾ കോൺക്രീറ്റിംഗ് ചെയ്യുകയും ചെയ്തു. നിലവിലുണ്ടായിരുന്ന ഓട തന്നെ വീണ്ടും നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കാനിടയായത് സൈറ്റ് പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണെന്ന് വിലയിരുത്തുന്നു. പ്രവൃത്തി നിർവഹണത്തിൽ ഓട നിലവിലുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് മറ്റു പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടി വന്നത് പദ്ധതി തുക വിനിയോഗിക്കുവാൻ വേണ്ടിയുള്ള പ്രവൃത്തിയായി വിലയിരുത്തുന്നു.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-6 മരാമത്ത് പ്രവൃത്തി ഇനങ്ങളുടെ ആവശ്യകത വ്യക്തമല്ല.

വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമുള്ളതിലും അധികമായി പ്രവൃത്തികൾ ചെയ്തതായി വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

1)ബഡ്സ് സ്കൂൾ മെയിന്റനൻസ്

പ്രോ. നം. 97/18, ബഡ്സ് സ്കൂൾ മെയിന്റനൻസ്
അടങ്കൽ തുക 217000/-
ഫണ്ടിനം – മെയിന്റനൻസ് (റോഡിതരം)
ചെലവ് തുക-90485
പദ്ധതി പ്രകാരം 1.7m x 1.5m x2.1m അളവിൽ ടോയ് ലറ്റ് നിർമ്മിച്ചിട്ടുണ്ട് (എം ബുക്ക് 50/17-18). ടോയ്‌ലറ്റ് നിർമ്മാണത്തിൽ 10cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് (ഐറ്റം നം.10) ചെയ്ത ശേഷം 15cm കനത്തിൽ പ്ലിന്ത് ലെവൽ ബെൽറ്റ് കോൺക്രീറ്റും നടത്തിയിട്ടുണ്ട് (ഐറ്റം നം. 14, 17, 15 - സെന്ററിംഗ് ഷട്ടറിംഗ്, സ്റ്റീൽ റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റിംഗ് 1:1.5:3). 2.1m പൊക്കമുള്ള ടോയ്‌ലറ്റിന് 15cm കനത്തിലുള്ള ബെൽറ്റ് കോൺക്രീറ്റിന്റെ ആവശ്യകത വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/26.11.2018) levelling course ആയി പ്രവർത്തിക്കുന്നതിന് PCC 1:4:8 10cm കനത്തിലും കെട്ടിടത്തിന്റെ differential settlement ഒഴിവാക്കാനായി 15cm കനത്തിൽ belt concrete ഉം ചെയ്യേണ്ടി വന്നുവെന്ന മറുപടിഅംഗീകരിക്കുന്നില്ല. 2.1m പൊക്കത്തിലുള്ള, ശരാശരി 4 $m^2$ ന് താഴെ അടിസ്ഥാന വിസ്തീർണ്ണമുള്ള ടോയ്‌ലറ്റിന് അധിക കനത്തിലുള്ള ബെഡ് കോൺക്രീറ്റിന്റെയും, സാധ്യതയില്ലാത്ത differential settlement ഒഴിവാക്കുന്നതിനായി അധിക കനത്തിലുള്ള belt concrete ഉം അനാവശ്യ ചെലവിനു വഴിയൊരുക്കി.

2)പഞ്ചായത്ത് ഓഫീസിന് പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം

പ്രോ. നം. 55/18, പഞ്ചായത്ത് ഓഫീസിന് പബ്ലിക് ടോയ്‌ലറ്റും ഗവ. മർമ്മാശുപത്രിക്ക് സെപ്റ്റിക് ടാങ്ക് നിർമ്മാണവും
അടങ്കൽ തുക 490000
ഫണ്ടിനം-ലോകബാങ്ക് സഹായം
ചെലവ് തുക 401589/-
പദ്ധതി പ്രകാരം 1.2 m ആഴത്തിൽ എർത്ത് വർക്ക് എസ്കവേഷൻ (ഐറ്റം 2.1) നടത്തി 20cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് (ഐറ്റം 2.22), 1.3m കനത്തിൽ ആർ.ആർ.എം. ഫൗണ്ടേഷൻ ബെയ്സ്മെന്റ് (ഐറ്റം 2.2), എന്നിവയും നൽകിയ ശേഷം 20cm കനത്തിൽ പ്ലിന്ത് ലെവൽ ബെൽറ്റ് കോൺക്രീറ്റ് (സെന്ററിംഗ് ഷട്ടറിംഗ്, സ്റ്റീൽ റീ ഇൻഫോഴ്സ്ഡ്

കോൺക്രീറ്റിംഗ്) ഐറ്റം നം. 2.E3, 2.6, E2 എന്നിവയും ചെയ്തിട്ടുണ്ട്.

2.15m പൊക്കം മാത്രമുള്ള ടോയ്‌ലറ്റിന് 1.2m ആഴത്തിലുള്ള ഫൗണ്ടേഷൻ (20cm കോൺക്രീറ്റിംഗ്, 1m ആർ.ആർ.എം.) പ്രവൃത്തികൾക്കു പുറമേ പ്ലിന്ത് കോൺക്രീറ്റിംഗ് കൂടി നൽകേണ്ടി വന്ന സാഹചര്യം വ്യക്തമല്ല.

പ്രസ്തുത ടോയ്‌ലറ്റിന്റെ സ്ട്രക്ചർ നിർമ്മാണത്തിനുണ്ടായ ചെലവ് വിവരം ചുവടെ.

| ബേസ്മെന്റ് വരെയുള്ള ചെലവുകൾ | | ബ്രിക് വർക്കു മുതലുള്ള ചെലവുകൾ | |
|---|---|---|---|
| എസ്കവേഷൻ | 2948.4 | ബ്രിക് വർക്ക് | 29505.367 |
| ബെഡ് കോൺക്രീറ്റിംഗ് | 12919.8 | സെന്ററിംഗ് ഷട്ടറിംഗ് | 1707.2 |
| ആർ.ആർ.എം. ഫൗണ്ടേഷൻ | 56547.3 | സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് | 16068.2 |
| സെന്ററിംഗ് ഷട്ടറിംഗ് | 487.16 | റൂഫ് കോൺക്രീറ്റിംഗ് | 21115.94 |
| സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റ് | 9176.77 | പ്ലാസ്റ്ററിംഗ് | 16059.718<br>4085.738<br>7043.94 |
| ആർ.സി.സി. (പ്ലിന്ത്) | 8398.18 | | |
| ആകെ | 90477.61 | ആകെ | 95586.10 |

ഏകദേശം 5.9mനീളം x 3.6m വീതി x 2.15m ഉയരം ഉള്ള സ്ട്രക്ചർ നിർമ്മാണത്തിന് ചെലവിന്റെ പകുതിയോളം ഫൗണ്ടേഷൻ നിർമ്മാണത്തിനാണ് ഉപയോഗിച്ചിരിക്കുന്നത്. ഫൗണ്ടേഷൻ നിർമ്മാണത്തിനുണ്ടായ ഭീമമായ ചെലവ് ഒഴിവാക്കി, ലാഭകരമായ മറ്റു രീതികൾ (ഉദാഹരണത്തിന് - കോളം, ബോക്സ് മാതൃകകൾ) പ്രായോഗികമാണോ എന്ന പരിശോധന നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/26.11.2018) levelling course ആയി പ്രവർത്തിക്കുന്നതിന് PCC 1:4:8 20cm കനത്തിലും കെട്ടിടത്തിന്റെ differential settlement ഒഴിവാക്കാനായി 20cm കനത്തിൽ belt concrete ഉം ചെയ്യേണ്ടി വന്നുവെന്ന മറുപടിഅംഗീകരിക്കുന്നില്ല. 2.1m പൊക്കത്തിലുള്ള, ശരാശരി 7.5 $m^2$ ന താഴെ അടിസ്ഥാന വിസ്തീർണ്ണമുള്ള ടോയ്‌ലറ്റിനു അധിക കനത്തിലുള്ള ബെഡ് കോൺക്രീറ്റിന്റെയും, സാധ്യതയില്ലാത്ത differential settlement ഒഴിവാക്കുന്നതിനായി അധിക കനത്തിലുള്ള belt concrete ഉം അനാവശ്യ ചെലവിനു വഴിയൊരുക്കി..

സ്ഥലപരിശോധനയിൽ പ്രസ്തുത ടോയ്‌ലറ്റ് കോംപ്ലക്സ് (2 എണ്ണം) ഉപയോഗിക്കാതെ പൂട്ടിയിട്ട നിലയിലാണ് കാണപ്പെട്ടത്. പഞ്ചായത്തിനു വേണ്ടി നിർമ്മിച്ചതാണെങ്കിലും ടോയ്‌ലറ്റുകൾ സ്ഥിതി ചെയ്യുന്നത് പഞ്ചായത്തു കോമ്പൗണ്ടിനു വെളിയിലുള്ള മർമ്മാശുപത്രിയുടെ കോമ്പൗണ്ടിലാണ് (പഞ്ചായത്തു കോമ്പൗണ്ടിൽ സ്ഥല പരിമിതിയുണ്ട്). ഇപ്രകാരം ഒരു ടോയ്‌ലറ്റ് ഉള്ളതായി പഞ്ചായത്തു പരിസരത്തോ, നിർമ്മിച്ച ടോയ്‌ലറ്റിലോ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി തുക വിനിയോഗിക്കുവാനുള്ള നിർമ്മാണമായി മാത്രമേ ഇതിനെ വിലയിരുത്താനാകൂ. പൊതു ജനങ്ങൾക്കോ, രോഗികൾക്കോ യാതൊരു പ്രയോജനവുമില്ലാത്ത മേൽപ്പടി നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പോ, ബന്ധപ്പെട്ട ഗ്രാമസഭയോ ശുപാർശ ചെയ്തിട്ടുള്ളതല്ല. 16.12.2016 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേരിട്ട് ശുപാർശ ചെയ്തതാണ് പ്രസ്തുത പദ്ധതി. പദ്ധതി ആസൂത്രണത്തിലെ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും, ആവശ്യമുള്ള മേഖലകളിൽ പദ്ധതി തുക വിനിയോഗിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 നിക്ഷേപപ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

രാജീവ് ഗാന്ധി സേവാകേന്ദ്രം, കരിച്ചൽ അംഗൻവാടി, 45-ാം നമ്പർ അംഗൻവാടി എന്നിവക്ക് വാട്ടർ കണക്ഷൻ (പ്രോ. നം. 195/18) പദ്ധതി പ്രകാരം 240000/- രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) ചെലവ് ചെയ്തിട്ടുണ്ട് (ബിൽനം. 49/17-18 തീയതി. 11.01.2018 ). പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം, കേരള വാട്ടർ അതോറിറ്റിയുമായി സ്ഥാപിച്ചിട്ടുള്ള കരാർ എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3 തീയതി 22.11.2018) സ്ഥാപനവുമായി 26.05.2018 ൽ കരാറിലേർപ്പെട്ടതായും, പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടില്ലായെന്നും, പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാമെന്നും മറുപടി നൽകി.

## 3-8 നിക്ഷേപപ്രവൃത്തികൾ-നടപടിക്രമങ്ങൾ പാലിച്ചില്ല-**11,08,572/-** തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി 2017-2018 സാമ്പത്തികവർഷം വിവിധനിക്ഷേപപദ്ധതികൾക്കായി പണം പിൻവലിച്ചതായി ചെലവ് പത്രികയിൽ രേഖപ്പെടുത്തലുണ്ടെങ്കിലും അനുബന്ധനടപടിക്രമങ്ങളുടെയും തുക ചെലവഴിച്ചതിന്റെയും വിവരങ്ങൾ അടങ്ങിയ പ്രോജക്ട് ഫയൽ സെക്രട്ടറി സൂക്ഷിച്ചിട്ടില്ല. സ്ട്രീറ്റ് ലെയിൻ നീട്ടൽ, പൈപ്പ്ലയിൻ സ്ഥാപിക്കൽ എന്നിപ്രവൃത്തികൾക്കായി പണം നിർവ്വഹണ ഏജൻസിക്ക് കൈമാറുന്നതിനു മുമ്പായി ആവശ്യം തയ്യാറാക്കി ഫയലിൽ സൂക്ഷിക്കേണ്ട സൈറ്റ്പ്ളാൻ,ലൊക്കേഷൻമാപ്പ് എന്നിവ തയ്യാറാക്കി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തി നിർവ്വഹണഏജൻസിയുമായി സെക്രട്ടറി കരാർ ചമയ്ക്കുകയോ പണം കൈപ്പറ്റിയതിന്റെ രേഖ,വിനിയോഗസാക്ഷ്യപത്രം വാങ്ങിസൂക്ഷിക്കുകയോ ചെയ്തിട്ടില്ല. പൊതുമരാമത്ത്(വൈദ്യുതി,ഊർജ്ജം),കുടിവെള്ളം മോണിട്ടറിംഗ് സമിതികളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. 27.11.18,28.11.18 തീയതികളിൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടിയും നൽകിയിട്ടില്ല. ആകയാൽ ചുവടെ ചേർക്കുന്ന നിക്ഷേപപദ്ധതികൾക്കായി, നടപടിക്രമങ്ങൾ പാലിക്കാതെ, സെക്രട്ടറി യഥേഷ്ടം ചെലവഴിച്ച തുക ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ 1108572/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| ക്രമനം. | പദ്ധതിയുടെ വിവരം | അടങ്കൽ | ചെലവ് | ബിൽനം. | നിർവ്വഹണം |
|---|---|---|---|---|---|
| 1 | 72/18-സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ ആന്റ് പോസ്റ്റ് ഷിഫ്റ്റിംഗ് | 108572 | 108572 | 17/12.01.18 | കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ കാഞ്ഞിരംകുളം |
| 2 | 140/18-കുഴിവിള-പരണിയം റോഡിൽ പഴയപൈപ്പ് ലയിൻ മാറ്റി പുതിയത് സ്ഥാപിക്കൽ | 200000 | 200000 | 19/12.01.18 | കേരളവാട്ടർ അതോറിറ്റി വാട്ടർസപ്ലൈ ഡിവിഷൻ, നെയ്യാറ്റിൻകര |
| 3 | 141/18-ചാണിവാർഡിൽ നെല്ലി നിന്ന കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 200000 | 20/12.01.18 | കേരളവാട്ടർ അതോറിറ്റി വാട്ടർസപ്ലൈഡിവിഷൻ, നെയ്യാറ്റിൻകര |
| 4 | 142/18-ഉരുകുലം-കാമരാജ് റോഡ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 400000 | 400000 | 18/12.01.18 | കേരളവാട്ടർ അതോറിറ്റി വാട്ടർസപ്ലൈ ഡിവിഷൻ, നെയ്യാറ്റിൻകര |
| 5 | 186/18-നെല്ലിക്കാകുഴി പ്ളാവിളറോഡിൽ പഴയ പൈപ്പ് ലൈൻ മാറ്റി പുതിയത് സ്ഥാപിക്കൽ | 200000 | 200000 | 28/31.03.18 | കേരളവാട്ടർ അതോറിറ്റി വാട്ടർസപ്ലൈ ഡിവിഷൻ, നെയ്യാറ്റിൻകര |
| ആകെ | | 1108572 | 11085752 | | |

## 3-9 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് മെറ്റിരിയൽസ് വാങ്ങൽ-അപാകതകൾ

പ്രോജക്ട് നം.71/18

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ തുക-300000/-(തനത് ഫണ്ട്)

ചെലവ് തുക-122990/- (2017-18 ലെ ചെലവ് പത്രിക പ്രകാരം)

വൗച്ചർ നം.798/17-18 തീയതി-07.03.18

2017-18 സാമ്പത്തികവർഷം സെക്രട്ടറി നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് മെറ്റീരിയൽസ് വാങ്ങൽ എന്ന പദ്ധതിക്കായി , കനാൻ ഇലക്ട്രിക്കൽസ്,കാഞ്ഞിരംകുളം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് വർക്ക് ഓർഡർ നൽകാൻ 22.12.17 ലെ 2-ാം നമ്പരായി ഭരണസമിതി തീരുമാനിച്ചതിൻപ്രകാരം 14.02.18ൽ എ1/5575/17-ാം നമ്പരായി സെക്രട്ടറി വർക്ക് ഓർഡർ നൽകി. 1,22,990/- ചെലവഴിച്ച് കനാൻ ഇലക്ട്രിക്കൽസിൽ നിന്നും 9 ഐറ്റങ്ങൾ വാങ്ങിയതിൽ 3 ഐറ്റങ്ങളുടെ വില ടെണ്ടറിൽ പങ്കെടുത്ത രണ്ടാമത്തെ സ്ഥാപനമായ ആൽഫാ ഇലക്ട്രോണിക്സ് ക്വോട്ട് ചെയ്ത തുകയേക്കാൾ കൂടുതലാണെങ്കിലും കനാൻ ഇലക്ട്രിക്കൽസുമായി നെഗോസിയേഷൻ നടത്തിയിട്ടില്ല. പ്രോജക്ട് ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവ് നടത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. സെക്രട്ടറിയുമായി സ്ഥാപനം കരാർ ചമച്ചിട്ടുമില്ല. 17-ാം നമ്പർ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ സപ്ളൈ ചെയ്ത മെറ്റീരിയൽസ് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചുറപ്പിക്കാൻ കഴിഞ്ഞില്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാങ്ങിയ മെറ്റീരിയൽസ് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. പ്രോക്യൂർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചും 2013 ലെ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ചും പർച്ചേസ് നടത്തേണ്ടതും പ്രവൃത്തികൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതുമാണ്.

## 3-10 പഞ്ചായത്തിന് സ്ഥലം വാങ്ങൽ- ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം.64/18
പേര് – പഞ്ചായത്തിന് സ്ഥലം വാങ്ങൽ (സ്ഥലവിപുലീകരണം)
ആകെ അടങ്കൽ തുക. 22,00,000/- (1823970 വികസന ഫണ്ട് +376030 തനത്)
ചെലവ് തുക. 2040070/- (1823970 ബിൽ നം.4/30.06.17 +216100/- ചെക്ക് നം.8066016/19.06.17)
ആകെ – 2040070/-

2017-2018 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്തിന് സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം സിദ്ധ ആശുപത്രിക്കുവേണ്ടി ഭൂമി വാങ്ങുന്നതിനായി വികസന ഫണ്ടും തനത് ഫണ്ടും ചേർത്ത് ആകെ 20,49,970/- ചെലവഴിച്ചതായാണ് ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടിള്ളത്. എന്നാൽ നിർദ്ദിഷ്ട പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും 20,40,070/-ന്റെ ചെലവ് മാത്രമേ നടന്നിട്ടുള്ളു എന്ന് കാണുന്നു. തനത് ഫണ്ടിൽ നിന്നുള്ള ചെലവിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അധികമായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 9900/-ന്റെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാണ്ടതാണ്.

പഞ്ചായത്ത് ഭരണസമിതി 3-ം നമ്പരായി 12.04.17 ൽ ഐകകണ്ഠേന തീരുമാനമെടുത്ത പ്രകാരം വാങ്ങിയ വസ്തുവിന്റെ ആധാരം ഗവർണറുടെ പേരിൽ 17.06.17 ൽ 494/17-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പോക്ക് വരവ് നടത്തുകയോ അനുബന്ധ നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

2.പ്രോജക്ട് നം.70/18-പഞ്ചായത്തിന് വസ്തു വാങ്ങൽ (ആസ്തി വിപുലീകരണം)

ആകെ അടങ്കൽ തുക - 20,00,000/- (14,66,150/- (വികസനഫണ്ട് )+533850 തനത്)

ചെലവ് തുക-14,66,150/- ബിൽ നം.30/31.03.18

(തനത് ഫണ്ടിൽ നിന്നുള്ള ചെലവിന്റെ വിവരം ലഭ്യമല്ല )

ഹോമിയോ ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നുള്ള 5,33,810/-ഉൾപ്പെടെ 19,99,960/- 2017-2018 സാമ്പത്തിക വർഷം സെക്രട്ടറി ചെലവഴിച്ചതായി ചെലവ് പത്രികയിലുണ്ട്. എന്നാൽ സ്ഥലം വാങ്ങി രജിസ്റ്റേർഡ് ചെയ്തതിന്റെയോ പണം ചെലവഴിച്ചതിന്റെയോ വിശദാംശങ്ങൾ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. 67 പേജുകളുള്ള ഫയലിന്റെ 2--ാം പേജിൽ വസ്തുവാങ്ങലുമായി ബന്ധപ്പെട്ട് 01.03.2018 ൽ സെക്ഷൻ രേഖപ്പെടുത്തിയ ഓഫീസ് നോട്ടിൽ സെക്രട്ടറി തുടർ നടപടി സ്വീകരിച്ചിട്ടുമില്ല. മേൽ വസ്തുതകൾ ചൂണ്ടിക്കാട്ടി 26.11.18ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, നിർദ്ദിഷ്ട പദ്ധതിക്കായി ചെലവഴിച്ച 19,99,960/-ന്റെ ചെലവ്, അനുബന്ധ രേഖകൾ ഓഡിറ്റിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്തുന്നവരേയ്ക്ക് തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥിയ്ക്ക് സൈക്കിൾ നൽകി

പദ്ധതിയുടെ പേര് :- 8,9,10 ക്ലാസ്സുകളിലെ എസ്. സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

പദ്ധതിയുടെ നമ്പർ : SO.163/18

പദ്ധതി അടങ്കൽ തുക : 246422 വികസന ഫണ്ട് (എസ്.സി.പി)

ചെലവ് തുക : 210843

ബിൽ നമ്പർ : 2/17-18 തി: 21/03/2017
നിർവ്വഹണ ഉദ്യോഗസ്ഥൻ :ഹെഡ്മാസ്റ്റർ

പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന 8,9,10 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. വിദ്യാഭ്യാസം, കല, സാംസ്കാരം, യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ 2017-2018 വർഷത്തിൽ 17-05-2017, 26-05-2017, 16-12-2018, 23-03-2018 എന്നീ ദിവസങ്ങളിൽ യോഗംകൂടി ചർച്ച നടത്തിയെങ്കിലും എസ്. സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യൽ എന്ന പദ്ധതി നിർദ്ദേശമായി ശുപാർശ ചെയ്തിട്ടില്ല. എന്നാൽ 25/05/2017 ൽ കൂടിയ ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 8,9 ക്ലാസ്സുകളിലെ എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണത്തിനായി 3,96,450/- രൂപ വകയിരുത്തി ശുപാർശ നൽകി. പദ്ധതി പ്രകാരം 54 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തു. അതിൽ 32 വിദ്യാർത്ഥികൾ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നവരും 22 വിദ്യാർത്ഥികൾ സർക്കാർ വിദ്യാലയത്തിൽ പഠിക്കുന്നവരും 1 വിദ്യാർത്ഥി അൺഎയ്ഡഡ് സ്കൂളായ ജവഹർസെട്രൽ സ്കൂളിൽ (സി. ബി. എസ്. ഇ) പഠിക്കുകയും ചെയ്യുന്നു. 18/09/2017 ലെ 2-ാം തീരുമാനപ്രകാരം മിനിറ്റ്സ് പേജ് (100) ജനറൽ കമ്മിറ്റി അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥിയായ അനന്ദൻ. ബി. എസ് എന്ന വിദ്യാർത്ഥിയെ ഗുണഭോക്താവായി അംഗീകരിച്ചു. സർക്കാർ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥിയ്ക്ക് സൈക്കിൾ വിതരണം ചെയ്തതിനെ സംബന്ധിച്ച് നൽകിയ 28/11/18 ലെ 21/18 നമ്പർ അന്വേഷണ കുറിപ്പിന് നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ, എയ്ഡഡ് മേഖലയിലെ മുഴുവൻ എസ്.സി വിദ്യാർത്ഥികൾക്ക് നൽകിയ ശേഷം മാത്രമേ അൺ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികളെ പദ്ധതി ഗുണഭോക്താക്കളായി തിരഞ്ഞെടുക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-12 നവജീവൻ പാലിയേറ്റിവ് കെയർ പ്രവർത്തനം തൃപ്തികരമല്ല.

പദ്ധതിയുടെ പേര് : നവജിവൻ പാലിയേറ്റിവ് കെയർ

പദ്ധതിയുടെ നമ്പർ : SO.114/18

അടങ്കൽ തുക : 5,55,000/- (വികസന ഫണ്ട് (ജന)
നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ചെലവ് തുക: 5,55,000/-

ബിൽ നമ്പർ/ തിയതി

01/17-2018 18/08/2017 (82800/-)

02/17-18 13/09/2017 (1200/-)

3/17-18 20/09/2017 (39400/-)

04/17-18 21/10/2017 (24100/-)

06/17-18 21/10/2017 (245000/-)

07/17-18 11/01/2018 (24100/-)

08/17-18 27/1/2018 (26200/-)

09/11-18 27-01-18 (24900/-)

11/17-18 24-02-18 (29100/-)

13/17-18 14-03-18 (29100/-)

14/17-18 24/03/18 (29100/-)

ആകെ 5,55,000/-

2017-18 വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾക്കായി മേൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിലേക്കായി ഫീൽഡ് സന്ദർശനം നടത്താൻ

വാഹനത്തിനായി 1,15,200/- രൂപയും മരുന്നിനായി 2,48,800/- രൂപയും ഭക്ഷണത്തിനായി 48,000/- രൂപയും പാലിയേറ്റീവ് കെയർ നേഴ്സിന്റെ ഹോണറേറിയം ഇനത്തിൽ 1,20,000/- രൂപയും മറ്റ് ചെലവുകൾക്കായി 23,000/- രൂപയും ചെലവഴിച്ചു. പദ്ധതി നടത്തിപ്പിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) 2017-2018 വർഷത്തിൽ പാലിയേറ്റിവ് കെയർ പദ്ധതി പ്രകാരം രോഗി സന്ദർശനം നടത്താൻ വേണ്ടി വാഹനം ലഭ്യമാകുന്നതിനായി ക്വട്ടേഷൻ വിളിച്ചു. 3 ക്വട്ടേഷൻ ലഭിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത KL01.Y-2356 നമ്പർ വാഹനം തിരഞ്ഞെടുത്തു പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചു. എന്നാൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ രേഖകളിൽ വാഹനം ബുള്ളറ്റ് (മോട്ടോർ സൈക്കിൾ) എന്ന് രേഖപ്പെടുത്തിയിരുന്നു. 5 പേർ ഉൾക്കൊള്ളുന്ന പാലിയേറ്റീവ് കെയർ ഫീൽഡ് സന്ദർശനത്തിനായി ടി വാഹനം ഉപയോഗിച്ചുവെന്നത് നീതികരിക്കാവുന്നത് അല്ല.

(ബി) പാലിയേറ്റിവ് കെയർ പരിചരണ പദ്ധതിയിൽ പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടിൽ 2018 മാർച്ച് മാസത്തിൽ ലഭ്യമായ സംഭാവനകൾ എന്നയിനത്തിൽ പണമായി 27,200/- രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സംഭാവന പിരിക്കുന്നതിനായി രസിത് ബുക്ക് പ്രിൻറ് ചെയ്ത് നൽകിയിട്ടില്ല. ആയതിനാൽ എത്ര തുക സംഭാവനയിനത്തിൽ കിട്ടിയെന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(സി) പാലിയേറ്റിവ് കെയർ കുടുംബ സംഗമം സംഘടിപ്പിക്കുന്നതിനായി സംഭാവന പിരിക്കൽ 11-07-2018 ൽ പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റി തീരുമാനം എടുക്കുകയും അതിനായി രസീത് ബുക്ക് പ്രിന്റ് ചെയ്യാൻ അനുവദിക്കുകയും ചെയ്തു. എന്നാൽ രസീത് നൽകാതെ 2018 മാർച്ച് മാസത്തിൽ പൊതു ജനങ്ങളിൽ നിന്നും 27,200/- രൂപ സംഭാവനയായി പിരിച്ചു.

(ഡി) രസിത് പ്രിന്റ് ചെയ്യാനും സംഭാവന പിരിക്കാനും പഞ്ചായത്ത് കമ്മിറ്റി അനുവദിച്ചതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങളെ സംബന്ധിച്ച് നൽകിയ 29/11/2018 ലെ 26/18, 29/18 എന്നി അന്വേഷണ കുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ യാതൊരു ചർച്ചയും നടത്തിയിട്ടില്ല. ആരോഗ്യമേഖലയിലെ ഇത്തരം പദ്ധതികൾ ശരിയായ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തേണ്ടതും അത്തരം പദ്ധതികളുടെ നടത്തിപ്പ് ഫലപ്രാപ്തിയിൽ എത്തിയെന്ന് ഉറപ്പ് വരുത്തേണ്ടതുമാകുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര്/നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 204000 | ജൈവസമൃദ്ധി (വനിത) | 204000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി (വനിത) | 20400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 142438 | ഭിന്നശേഷി സ്കോളർഷിപ്പ് | 142438 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 142438 | ഭിന്നശേഷി സ്കോളർഷിപ്പ് | 142438 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാലിന് സബ്സിഡി (വനിത) | 200000 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | പാലിന് സബ്സിഡി (വനിത) | 0 | 150000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ& പോസ്റ്റ് ഷിഫ്റ്റിംഗ് | 1108572 | | 1108572 |
| 2 | കേരള വാട്ടർ അതോറിറ്റി | കുഴിവിള പരണിയം റോഡിൽ പഴയ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 200000 | | 200000 |
| 3 | കേരള വാട്ടർ അതോറിറ്റി | ചാണി വാർഡിൽ നെല്ലിനിന്ന കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | | 200000 |
| 4 | കേരള വാട്ടർ അതോറിറ്റി | ഗുരുകുലം കാമരാജ് റോഡ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 400000 | | 400000 |
| 5 | കേരള വാട്ടർ അതോറിറ്റി | നെല്ലിക്കാക്കുഴി തവ്വാവിള റോഡിൽ പഴയ പൈപ്പ് ലൈൻ | 200000 | | 200000 |
| 6 | കേരള വാട്ടർ അതോറിറ്റി | രാജീവ് ഗാന്ധി സേവാകേന്ദ്രം, കരിച്ചൽ അംഗൻവാടി, 45-ാം നമ്പർ അംഗൻവാടി എന്നിവക്ക് വാട്ടർ കണക്ഷൻ | 240000 | | 240000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്ഭവന പദ്ധതി | സ.ഉ(സാധാ)നം.275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 90,67,500 | 13,35,558 | - | - | 13,35,558 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61851683.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56600185.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3523652/- |

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,65,220 | 28.03.2017 തീയതിയിലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത അംഗങ്ങളും, ശ്രീ.രവി.കെ സെക്രട്ടറി |
| 3-7 | 2,40,000 | ശ്രീമതി.ഷീജമോൾ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 11,08,572 | ശ്രീമതി.ലത.എൽ., സെക്രട്ടറി |

| | | |
|---|---|---|
| 3-10 | 20,09,860 | ശ്രീമതി.ലത.എൽ., സെക്രട്ടറി |
| ആകെ | 35,23,652 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ

നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1400/2018<br>തീയതി.16.06.2018 | 2 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1400/2018<br>തീയതി.16.06.2018 | 1 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2275/11<br>തീയതി.23.11.2011 | 3 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2276/11<br>തീയതി.11.12.2012 | 4 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.3/<br>തീയതി.21.04.2013 | 6 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/589/14<br>തീയതി.26.04.2014 | 11 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1488/14<br>തീയതി.27.10.2014 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/39/15<br>തീയതി.19.12.2015 | 16 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1087/16<br>തീയതി.30.07.2016 | 9 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2061/16<br>തീയതി.01.12.2016 | 22 | |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1836/2017 തീയതി.08.09.2017 | | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.